(ബി) രണ്ട് വർഷം സർവ്വീസുള്ള പോസ്റ്റ് ഗ്രാജ്വേറ്റ് യോഗ്യതയുള്ള ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനമൂലം ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ

45 (50) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. 2013-ൽ പരീക്ഷ നടത്തി, 2014 മേയ് മാസം ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്താൻ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ടി എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള ഇന്റർവ്യൂ നടത്തി ലിസ്റ്റ് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 232 ഒഴിവുകൾ.

(സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷാ സംവിധാനം

46 (51) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യുടെ പരീക്ഷകൾ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിന് പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഇപ്പോൾ പ്രസ്തുത സംവിധാനം എവിടെയെല്ലാമാണ് ഉള്ളത്; ഏതെല്ലാം പരീക്ഷകളാണ് പ്രസ്തുത സംവിധാനത്തിൽ ഇതുവരെ നടത്തിയിട്ടുള്ളത്;

(ഡി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ മുഖേന പരീക്ഷാ നടത്തിപ്പിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്:

1. പരീക്ഷാ തീയതി മുതൽ ഒരു മാസത്തിനകം ചുരുക്ക/സാദ്ധ്യത/ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക.
2. കൂടുതൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള പരീക്ഷാ കേന്ദ്രങ്ങൾ ലഭ്യമാക്കുക.
3. പരീക്ഷാ കേന്ദ്രങ്ങളുടെ നിലവിലെ ലഭ്യതക്കുറവുമൂലമുള്ള കാലതാമസം ഒഴിവാക്കുക.

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി. നിയമനം

47 (52) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ ഓരോ വർഷവും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്ക് നിയമനം നൽകി ; ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ ;

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടും നിയമന ഉത്തരവ് ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ ഉണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly